പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.28 — 27.02.2017 ൽ മറുപടിയ്ക്ക്

ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. പി.കെ.ബഷീർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അരി, പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ ഭക്ഷ്യവസ്തുക്കളുടെ വില ക്രമാതീതമായി കതിച്ചുയരുന്ന സ്ഥിതിവിശേഷം ഗൗരവപൂർവ്വം വിലയിരുത്തിയിട്ടുണ്ടോ; | (എ) വിലയിരുത്തിയിട്ടുണ്ട്. |
| (ബി) നോട്ടുക്ഷാമം സൃഷ്ടിച്ച പ്രതിസന്ധിയും തൊഴിലില്ലായ്മ സൃഷ്ടിച്ച ദുരിതങ്ങൾക്കുമിടയിൽ പ്പെട്ട് നട്ടം തിരിയുന്ന സാധാരണ ജനത്തിന് ഇരുട്ടടിയായ വിലക്കയറ്റം നിയന്ത്രിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 10 മുതൽ 60 ശതമാനം വരെ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നു. അതിനുപുറമെ 15 ഓളം അവശ്യസാധനങ്ങൾ വിപണിവിലയിൽ നിന്നും 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി എന്ന വിഭാഗത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ വിവിധ ഉൽപ്പന്നങ്ങൾ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. വില വർദ്ധനവ് |

| | | | |
|---|---|---|---|
| | | | തടയുന്നതിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിലും ഫ്രീസെയിൽ ഇനത്തിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നു. അവശ്യഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവ മൂലമുളള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റത്തിനുളള സാധ്യത എന്നിവ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമാർക്കറ്റിൽ ഇടപെടാൻ എത്ര തുക നൽകിയെന്നതിന്റെ വിശദവിവരം നൽകാമോ; | (സി) | പൊതു മാർക്കറ്റിൽ ഇടപെടുന്നതിനായി കഴിഞ്ഞ വർഷം ജൂണിൽ 50 കോടി രൂപയും ആഗസ്റ്റിൽ 81.42 കോടി രൂപയും നവംബർ മാസത്തിൽ 18.58 കോടി രൂപയും ഉൾപ്പടെ 150 കോടി രൂപ നൽകിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ ധനകാര്യ വിഭാഗത്തിൽ നിന്നും അർഹമായ പരിഗണന ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ